"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - ഇന്ത്യ പാക്കിസ്ഥാൻ സൈനിക സംഘർഷം - സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ സംഘടിപ്പിച്ചതിനോടനുബന്ധിച്ച് പത്തനംതിട്ട, പാലക്കാട് ജില്ലാകളക്ടർമാർക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.422/2025/DMD തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ 09/05/2025 തീയതിയിലെ 02/523/CR/111 നമ്പർ കത്ത്.
2. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 09/05/2025 തീയതിയിലെ No I-45011/30/2025-Ad(CD) നമ്പർ കത്ത്.
3. പത്തനംതിട്ട ജില്ലാകളക്ടറുടെ 17/05/2025 തീയതിയിലെ DCPTA/2378/2025-DM2 നമ്പർ കത്ത്.
4. പാലക്കാട് ജില്ലാകളക്ടറുടെ 21/05/2025 തീയതിയിലെ DCPKD/5338/2025-J5 നമ്പർ കത്ത്.

**ഉത്തരവ്**

ഇന്ത്യ-പാക്കിസ്ഥാൻ സൈനിക സംഘർഷത്തോടനുബന്ധിച്ച് 07/05/2025 ന് കളക്ടറേറ്റുകളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലുമായി സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ സംഘടിപ്പിക്കുവാൻ പരാമർശം (1) പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മോക്ക് ഡ്രിൽ സംബന്ധമായി തദ്ദേശ സ്ഥാപനങ്ങളിലുടനീളം നിർവ്വഹിച്ച ക്രമീകരണങ്ങൾക്കും മറ്റുമായി പത്തനംതിട്ട ജില്ലയ്ക്ക് 5 ലക്ഷം രൂപയും പാലക്കാട് ജില്ലയ്ക്ക് 11,411 രൂപയും ചെലവായതായും ആയത് അനുവദിച്ച് നൽകണമെന്ന് പരാമർശം (3), (4) പ്രകാരം പത്തനംതിട്ട, പാലക്കാട് ജില്ലാകളക്ടർമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരാമർശം (2) ലെ കത്ത് പ്രകാരം സിവിൽ ഡിഫൻസ് മോക്ക് ഡ്രില്ലിനോടനുബന്ധിച്ച ചെലവുകൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് കണ്ടെത്താവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സിവിൽ ഡിഫൻസ് മോക്ക് ഡ്രില്ലിനോടനുബന്ധിച്ച് പത്തനംതിട്ട ജില്ലാകളക്ടർക്ക് ചെലവായ 5 ലക്ഷം രൂപയും, പാലക്കാട് ജില്ലാകളക്ടർക്ക് ചെലവായ 11,411 രൂപയും ചേർത്ത് ആകെ 5,11,411/- (അഞ്ച് ലക്ഷത്തി പതിനൊന്നായിരത്തി നാനൂറ്റി പതിനൊന്ന് രൂപ മാത്രം) രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ 2245-02-101-94-01 F- Other items (capacity building window) എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാകളക്ടർമാർ, പത്തനംതിട്ട, പാലക്കാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 26-06-2025 11:10:04
സെക്ഷൻ ഓഫീസർ